**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**

( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07

**KOTTAYAM DIOCESE**

https://mjssakottayamdiocese.com

https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790


**No: KTYM/ D/ Circular / 05**

**Date : 25.01.2025**

**No: KTYM/ D/ Circular / 05 dtd 25.01.2025**

Circular to All Sunday Schools of MJSSA Kottayam Diocese and its co-workers

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ ,

ദൈവപാതയിൽ കുഞ്ഞുങ്ങളെ വഴി നടത്തുന്ന നമ്മുടെ ഭദ്രാസനത്തിലെ 67 സൺഡേ സ്കൂളുകളുടെയും നാളിതു വരെയുള്ള പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിൽ കാരുണ്യവാനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. 2025 ലെ കോട്ടയം ഭദ്രാസന തല സൺഡേസ്കൂൾ പ്രവർത്തനങ്ങൾ, 2025 ജനുവരി 5 ഞായറാഴ്ച്ച വടവാതൂർ മാർ അപ്രേം യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറിയും ഇടവക മെത്രാപ്പോലീത്തയുമായ നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസ് തിരുമനസ് കൊണ്ട് ഉദ്ഘാടനം ചെയ്ത പ്രവേശനോത്സവത്തോടെ ആരംഭം കുറിച്ചുവല്ലോ. ഭദ്രാസന പ്രവേശനോത്സവത്തോടൊപ്പം ചേർന്ന് ഭദ്രാസനത്തിലെ മിക്ക സൺഡേസ്കൂളുകളിലും ഈ വർഷത്തെ ക്ലാസുകൾ ആരംഭിക്കുകയും ഒപ്പം സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ചൂണ്ടികാണിച്ചു കൊണ്ട് പ്രത്യേക സന്ദേശം നൽകുകയും ചെയ്തു. ആ സന്ദേശം നമുക്കായി ക്രമീകരിച്ചു തന്ന MJSSA പ്രസിഡന്റ് ഡോ.മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്തയോടുള്ള നന്ദിയും ഇതോടൊപ്പം അറിയിക്കുന്നു. പ്രവേശനോത്സവത്തോടെ ആരംഭിച്ച ഈ വർഷത്തെ ക്ലാസുകൾ ദൈവ കൃപയാൽ ഏറ്റവും ഭംഗിയായി തീരട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ സ്ഥാപക ദിനത്തോടനുബന്ധിച്ച് MJSSA പതാക ഉയർത്തുകയും പരി.പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ അനുസ്മരണ ചടങ്ങും 2025 ജനുവരി 19 ഞായറാഴ്ച്ച ഭദ്രാസന തലത്തിൽ ഇല്ലിക്കൽ സെന്റ് മേരീസ് യാക്കോബായ സുറിയാനി ചാപ്പലിൽ വച്ച് നടത്തപ്പെടുകയും, ഭദ്രാസനത്തിലെ വിവിധ ഡിസ്ട്രിക്റ്റ് / സൺഡേസ്കൂളുകളിലായി പതാക ഉയർത്തി അനുസ്മരണ ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു. പ്രവേശനോത്സവം, സ്ഥാപക ദിനം , പതാക ഉയർത്തൽ, അനുസ്മരണ ചടങ്ങ് എന്നിവ ഭദ്രാസനത്തിലെ സൺഡേസ്കൂളുകളിൽ നടത്തുന്നതിൽ നേതൃത്വം നൽകിയ ഭദ്രാസന - ഡിസ്ട്രിക്റ്റ് ഭാരവാഹികൾ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവരെ ഏറെ നന്ദിയോടെ ഓർക്കുന്നു.

KOTTAYAM
25.01.2025

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
**M.J.S.S.A KOTTAYAM DIOCESE**

**നമ്മുടെ ഭദ്രാസനത്തിന്റെ 2024 ലെ ചില പ്രധാന പ്രവർത്തനങ്ങൾ / നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.**

## 1. ഭദ്രാസനതല പ്രവേശനോത്സവം, സ്ഥാപക ദിനം, അനുസ്മരണ സമ്മേളനം

പാമ്പാടി ഈസ്റ്റ് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ( പാമ്പാടി ഡിസ്ട്രിക്റ്റിൽ ) വച്ച് 2024 ജനുവരി 7 ഞായറാഴ്ച്ച അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ഭദ്രാസന തലത്തിൽ നടന്ന സൺഡേസ്കൂൾ പ്രവേശനോത്സവം ഏറെ ശ്രദ്ധയമായി. 2024 ജനുവരി 21 ഞായറാഴ്ച്ച പേരൂർ ആഗോള മർത്തശ്മൂനി തീർത്ഥാടന ദൈവാലയത്തിൽ ( കോട്ടയം ഡിസ്ട്രിക്റ്റിൽ ) വച്ച് സൺഡേസ്കൂൾ സ്ഥാപകദിനവും സ്ഥാപക പിതാവായ പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ അനുസ്മരണ ചടങ്ങും ഭദ്രാസനതലത്തിൽ നടന്നു.

## 2. അഖില മലങ്കര അദ്ധ്യാപക - വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പ്

വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് 2024 ജനുവരി 13,14 തീയതികളിലായി നടന്ന അഖില മലങ്കര അദ്ധ്യാപക- വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പിൽ കോട്ടയം ഭദ്രാസനത്തിലെ മണർകാട് ഡിസ്ട്രിക്റ്റിന് 2 പുരസ്കാരങ്ങൾ ലഭിച്ചു. മണർകാട് ഡിസ്ട്രിക്റ്റിൽ നിന്നും 42 പേർ ഉൾപ്പെടെ ആകെ MJSSA കോട്ടയം ഭദ്രാസനത്തിൽ നിന്നും 48 പേർ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിൽ വിദ്യാർത്ഥി വിഭാഗത്തിൽ ബെസ്റ്റ് ക്യാമ്പറായി മണർകാട് ഡിസ്ട്രിക്റ്റിലെ വെള്ളൂർ സൗത്ത് സെന്റ് മേരീസ് സൺഡേസ്കൂളിലെ അമൽ പോൾ സാം, അദ്ധ്യാപക വിഭാഗത്തിൽ ബെസ്റ്റ് ക്യാമ്പറായി മണർകാട് ഡിസ്ട്രിക്റ്റിലെ കീച്ചാൽ സെന്റ് മേരീസ് സൺഡേസ്കൂളിലെ റോണി വർഗീസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

## 3. ആത്മദീപം ചിത്രരചനാമത്സരം

ആത്മദീപം ചിത്രരചനാ മത്സരം 25.02.2024 ഞായറാഴ്ച്ച കോട്ടയം ഭദ്രാസനത്തിലെ എല്ലാ ഡിസ്ട്രിക്റ്റിലും ഇൻസ്പക്ടർമാരുടെ നേതൃത്വത്തിൽ കുട്ടികളുടെ മികച്ച പങ്കാളിത്തത്തോടെ ഭംഗിയായി നടത്തപ്പെട്ടു. 67 സൺഡേസ്കൂളുകൾ പ്രവർത്തിക്കുന്ന ഭദ്രാസനത്തിലെ 48 സൺഡേസ്കൂളുകളിൽ നിന്നും മത്സരത്തിൽ പങ്കാളിത്തമുണ്ടായി. സബ്ജൂണിയർ, ജൂണിയർ, സീനിയർ എന്നീ വിഭാഗങ്ങളിലായി 203 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. ഭദ്രാസന തലത്തിൽ ചെങ്ങളം ഡിസ്ട്രിക്റ്റ് ഒന്നാമതും പാമ്പാടി - പള്ളം ഡിസ്ട്രിക്റ്റുകൾ രണ്ടാം സ്ഥാനത്തും എത്തി. ഭദ്രാസനതലത്തിൽ സൺഡേസ്കൂളുകളിൽ CBM തിരുവാർപ്പ് ഒന്നാമതും, സെന്റ് ജോർജ്ജ് ഉള്ളായം - സെന്റ് ജോൺസ് ഒളശ എന്നീ സൺഡേസ്കൂളുകൾ രണ്ടാമതും എത്തി.

***ജൊഹാനാ ടിജോയ്ക്ക് അഖില മലങ്കര തലത്തിൽ ഒന്നാം സ്ഥാനം*** : MJSSA ആത്മദീപം ചിത്രരചനാമത്സരത്തിൽ കോട്ടയം ഭദ്രാസനത്തിൽ പാമ്പാടി ഡിസ്ട്രിക്റ്റിൽ ഉള്ളായം സെന്റ് ജോർജ്ജ് സൺഡേസ്കൂൾ വിദ്യാർത്ഥിനി ജൊഹാനാ ടിജോയ്ക്ക് സബ് ജൂണിയർ വിഭാഗത്തിൽ അഖില മലങ്കരതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. ജൂണിയർ വിഭാഗത്തിൽ ചെങ്ങളം ഡിസ്ട്രിക്റ്റിലെ ഒളശ്ശ സെന്റ് ജോൺസ് സൺഡേസ്കൂൾ വിദ്യാർത്ഥി നിവിൻ നൈനാൻ ഇട്ടിക്കും, സീനിയർ വിഭാഗത്തിൽ ചെങ്ങളം ഡിസ്ട്രിക്റ്റിൽ തിരുവാർപ്പ് CBM സൺഡേസ്കൂൾ വിദ്യാർത്ഥിനി ആൻ സൈറാ ജിബിക്കും അഖില മലങ്കര തലത്തിൽ പ്രോത്സാഹന സമ്മാനവും ലഭിച്ചു.

## 4. ലീഡ് - കോട്ടയം : കോട്ടയം ഭദ്രാസന ഒഫീഷ്യൽ സെമിനാറും ഭദ്രാസന ആത്മദീപം ഓർഗനൈസേഴ്സ് മീറ്റും

LEAD - Kottayam " Leadership Empowerment Activities @ Diocese " - Kottayam

കോട്ടയം ഭദ്രാസനത്തിലെ സൺഡേസ്കൂളുകളുടെ തുടർ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഭദ്രാസന-ഡിസ്ട്രിക്റ്റ് ഭാരവാഹികളുടെ ഒഫീഷ്യൽ സെമിനാറും

ഭദ്രാസന തല ആത്മദീപം ഓർഗസനൈസേഴ്സ് മീറ്റും 03.03.2024 ഞായറാഴ്ച്ച എറികാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ( പള്ളം ഡിസ്ട്രിക്റ്റിൽ ) വച്ച് നടത്തപ്പെട്ടു. "സൺഡേസ്കൂൾ പ്രസ്ഥാനവും ഹെയിൽ മേരി ലീഗും'' എന്ന വിഷയത്തെ ആസ്പദമാക്കിയും ആത്മദീപം മാസികയുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതും പരീക്ഷ & സ്കോളർഷിപ്പ്, കലോത്സവം & മികവ് , ക്യാമ്പ് & കോൺഫറൻസുകൾ, JSVBS & ചാരിറ്റി പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെ സംബന്ധിച്ചും ഡിസ്ട്രിക്റ്റുകളുടെയും ഭദ്രാസനം പൊതുവായുമുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു.

## 5. JSVBS അദ്ധ്യാപക പരിശീലന ക്യാമ്പ്

എം.ജെ.എസ്.എസ്.എ. കോട്ടയം ഭദ്രാസന അദ്ധ്യാപക പരിശീലന ക്യാമ്പ് 23.03.2024 ശനിയാഴ്ച്ച വടവാതൂർ മാർ അപ്രേം യാക്കോബായ സുറിയാനി പള്ളിയിൽ ( കോട്ടയം ഡിസ്ട്രിക്റ്റ് ) വച്ച് നടത്തപ്പെട്ടു. യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറിയും ഭദ്രാസന മെത്രാപ്പോലീത്തയുമായ നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്തു. 2024 ലെ ധ്യാന സഹായി എഴുതിയ കോട്ടയം മുൻ ഭദ്രാസന ഡയറക്ടർ റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിലിനുള്ള MJSSA യുടെ ഉപഹാരം അഭി.ഇടവക മെത്രാപ്പോലീത്ത സമ്മാനിച്ചു. കോട്ടയം ഭദ്രാസനത്തിലെ എല്ലാ ഡിസ്ട്രിക്റ്റിൽ നിന്നുമായി , 33 JSVBS കേന്ദ്രങ്ങളെ പ്രതിനിധീകരിച്ച് 80 അദ്ധ്യാപകരും ഭദ്രാസന - ഡിസ്ട്രിക്റ്റ് ഭാരവാഹികളും ഉൾപ്പടെ 89 പേർ ക്യാമ്പിൽ പങ്കെടുത്തത് എക്കാലത്തെയും മികച്ച പങ്കാളിത്തതിന് ഉദാഹരണമായി.

## 6. പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെമ്മോറിയൽ സ്കോളർഷിപ്പ് പരീക്ഷ ( LSS/USS )

പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയുടെ പാവനസ്മരണ നിലനിർത്തുന്നതിനായി കോട്ടയം ഭദ്രാസനം നടത്തുന്ന LSS/ USS സ്കോളർഷിപ്പ് പരീക്ഷ ഏഴ് വർഷങ്ങൾക്ക് ശേഷം പുനരാരംഭിച്ച് രണ്ട് ഘട്ടമായി ക്രമീകരിച്ച്, ആകർഷമായ മാറ്റങ്ങളുമായി വിജയകരമായി നടത്തി. 2024 ഏപ്രിൽ 21 ഞായറാഴ്ച്ചയാണ് ആദ്യഘട്ടമായ പ്രിലിമിനറി പരീക്ഷ നടന്നത്. കോട്ടയം ഭദ്രാസനത്തിലെ 67 ൽ 45 സൺഡേസ്കൂളുകളിൽ നിന്നും 262 കുട്ടികൾ പരീക്ഷയെഴുതി. നിശ്ചിത കട്ട് ഓഫ് കടന്ന 65 കുട്ടികൾ ഫൈനൽ പരീക്ഷയ്ക്ക് യോഗ്യത നേടി. LSS പരീക്ഷയിൽ 33 വിദ്യാർത്ഥികളും , USS പരീക്ഷയിൽ 32 വിദ്യാർത്ഥികളുമാണ് രണ്ടാം ഘട്ടം പരീക്ഷ എഴുതുവാൻ യോഗ്യത നേടിയത്. സ്കോളർഷിപ്പ് പരീക്ഷയുടെ രണ്ടാം ഘട്ടം ( Mains ) 2024 മെയ് 4 ശനിയാഴ്ച്ച കോട്ടയം ലൂർദ്സ് പബ്ലിക് സ്കൂൾ & ജൂണിയർ കോളേജിൽ വച്ച് നടത്തപ്പെട്ടു.

ഭദ്രാസനത്തിലെ എട്ട് വിദ്യാർത്ഥികൾ 2024 ലെ സ്കോളർഷിപ്പിനുള്ള അർഹത നേടി. LSS വിഭാഗത്തിൽ അനീന.സി.ചാക്കോ ( സെന്റ് മേരീസ് പങ്ങട ), അന്റോണിയോ കുര്യാക്കോസ് ജേക്കബ് ( സെന്റ് തോമസ് വെള്ളൂർ ), മാത്യു അലക്സ് ( സെന്റ് മേരീസ് മണർകാട് സെൻട്രൽ ), റയാൻ എബി കുര്യാക്കോസ് ( സെന്റ്മേരീസ് മണർകാട് സെൻട്രൽ ) , സെബിൻ ഷാജി ( സെന്റ് ജോർജ്ജ് ഉള്ളായം ) എന്നിവരും USS വിഭാഗത്തിൽ ഐശ്വര്യ ഏബ്രഹാം ( മർത്തശ്മൂനി പേരൂർ ) , അലോന.സി. ചാക്കോ ( സെന്റ്മേരീസ് പങ്ങട ), അൻസ തോമസ് ( സെന്റ് മേരീസ് പറമ്പുകര ) എന്നിവരുമാണ് സ്കോളർഷിപ്പിന് അർഹത നേടിയത്. വിജയികൾക്ക് 2024 ലെ ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമത്തിൽ ( BASS ) വച്ച് സ്കോളർഷിപ്പ് വിതരണം ചെയ്തു.

## 7. മികവ് : MJSSA കോട്ടയം ഭദ്രാസന അദ്ധ്യാപക മത്സരം

എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസന അദ്ധ്യാപക മത്സരമായ ' മികവ് ' ഏഴ് വർഷങ്ങൾക്ക് ശേഷം പുനരാരംഭിച്ച് 2024 മെയ് 12 ഞായറാഴ്ച്ച കുമരകം ആറ്റമംഗലം സെന്റ് ജോൺസ് യാക്കോബായ സുറിയാനി പള്ളിയിൽ ( ചെങ്ങളം ഡിസ്ട്രിക്റ്റ് ) വച്ച്

വിജയകരമായി നടത്തപ്പെട്ടു. ഭദ്രാസനത്തിലെ 67 സൺഡേസ്കൂളുകൾ ഉൾപ്പെടുന്ന 5 ഡിസ്ട്രിക്റ്റുകളിൽ നിന്നും യോഗ്യത നേടിയവർ മൂന്ന് വിഭാഗങ്ങളിലായി പ്രസംഗം, സംഗീതം, ആരാധനാഗീതം മലയാളം, സുറിയാനി എന്നീ മത്സരങ്ങളിൽ പങ്കെടുത്തു. മത്സരത്തിൽ മണർകാട് ഡിസ്ട്രിക്റ്റ് ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. കോട്ടയം ഡിസ്ട്രിക്റ്റ് രണ്ടാം സ്ഥാനവും പാമ്പാടി ഡിസ്ട്രിക്റ്റ് മൂന്നാമതും എത്തി. ചെങ്ങളം ഡിസ്ട്രിക്റ്റ് നാലാമതും പള്ളം ഡിസ്ട്രിക്റ്റ് അഞ്ചാമതും എത്തി. മികവ് 2024 ൽ സൺഡേസ്കൂളുകളിൽ ഭദ്രാസന തലത്തിൽ മണർകാട് ഡിസ്ട്രിക്റ്റിലെ സെന്റ് മേരീസ് മണർകാട് സെൻട്രൽ ഒന്നാം സ്ഥാനത്തെത്തി. കോട്ടയം ഡിസ്ട്രിക്റ്റിലെ സൺഡേസ്കൂളുകളായ നീലിമംഗലം സെന്റ് മേരീസ് രണ്ടാമതും പേരൂർ മർത്തശ്മൂനി സൺഡേസ്കൂൾ മൂന്നാം സ്ഥാനവും നേടി.

## 8. കോട്ടയം ഭദ്രാസന കലോത്സവം

മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ കോട്ടയം ഭദ്രാസന കലോത്സവം മണർകാട് സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ ( മണർകാട് ഡിസ്ട്രിക്റ്റ് ) വച്ച് 29.09.2024 ഞായറാഴ്ച്ച നടത്തപ്പെട്ടു. ഭദ്രാസന കലോത്സവം യാക്കോബായ സഭ സുന്നഹദോസ് സെക്രട്ടറിയും, കോട്ടയം ഭദ്രാസനാധിപനുമായ നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഭദ്രാസന കലോത്സവത്തിൽ കോട്ടയം ഡിസ്ട്രിക്റ്റ് ഓവറോൾ ചാമ്പ്യൻമാരായി. പാമ്പാടി ഡിസ്ട്രിക്റ്റ് രണ്ടാം സ്ഥാനവും, ചെങ്ങളം ഡിസ്ട്രിക്റ്റ് മൂന്നാം സ്ഥാനവും, മണർകാട് ഡിസ്ട്രിക്റ്റ് നാലാമതും പള്ളം ഡിസ്ട്രിക്റ്റ് അഞ്ചാമതും എത്തി. കലോത്സവത്തിൽ തൂത്തൂട്ടി മോർ ഗ്രീഗോറിയൻ സൺഡേസ്കൂൾ ( കോട്ടയം ഡിസ്ട്രിക്റ്റ് ) ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കി ഒന്നാം സ്ഥാനവും, ബെസ്റ്റ് സൺഡേസ്കൂൾ ട്രോഫിയും നേടി. കുമരകം സെന്റ്ജോൺസ് സൺഡേസ്കൂൾ ( ചെങ്ങളം ഡിസ്ട്രിക്റ്റ് ) രണ്ടാമതും അരീപ്പറമ്പ് സെന്റ്മേരീസ് സൺഡേസ്കൂൾ ( പാമ്പാടി ഡിസ്ട്രിക്റ്റ് ) മൂന്നാം സ്ഥാനവും നേടി. മണർകാട് സെന്റ് മേരീസ് സെൻട്രൽ സൺഡേസ്കൂൾ സബ്ജൂണിയർ വിഭാഗം ചാമ്പ്യന്മാരായപ്പോൾ തൂത്തൂട്ടി മോർ ഗ്രീഗോറിയൻ സൺഡേസ്കൂൾ ജൂണിയർ - പ്ലസ് വൺ പ്ലസ്ടു വിഭാഗം ചാമ്പ്യന്മാരും കുമരകം സെന്റ് ജോൺസ് സൺഡേസ്കൂൾ സീനിയർ വിഭാഗം ചാമ്പ്യന്മാരുമായി. ഭദ്രാസന കലോത്സവ വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും ട്രോഫികളും കോട്ടയം ഭദ്രാസനാധിപൻ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത വിതരണം ചെയ്തു.

## 9. അഖില മലങ്കര കലോത്സവം: ചരിത്ര നേട്ടവുമായി കോട്ടയം ഭദ്രാസനം

2024 ഒക്ടോബർ 12 ശനിയാഴ്ച്ച പുത്തൻകുരിശ് MJSSA കേന്ദ്ര ഓഫീസ് & ക്യാമ്പ് സൈറ്റിൽ വച്ച് നടത്തപ്പെട്ട അഖില മലങ്കര സൺഡേസ്കൂൾ കലോത്സവത്തിൽ കോട്ടയം ഭദ്രാസനത്തിന് ചരിത്ര നേട്ടം.

- കോട്ടയം ഭദ്രാസനത്തിന് 14 'A' ഗ്രേഡുകൾ ഉൾപ്പെടെ അഖില മലങ്കര തലത്തിൽ ആറ് റാങ്കുകൾ ലഭിച്ചു. പങ്കെടുത്ത എല്ലാ സ്റ്റേജ് ഇനങ്ങൾക്കും A ഗ്രേഡും ലഭിച്ചു. 19 ഭദ്രാസന/ സോൺ/ ഡയറക്ട്രേറ്റുകളിൽ കോട്ടയം ഭദ്രാസനം നാലാം സ്ഥാനത്തെത്തി. കേവലം 1 പോയിന്റിന് മാത്രം പുറകിൽ 64 പോയിന്റുമായി നമ്മുടെ ഭദ്രാസനം നാലാം സ്ഥാനത്തെത്തി ചരിത്രം കുറിച്ചു. 2023 ൽ എട്ടാം സ്ഥാനത്തായിരുന്നു. - തൃശൂർ ഭദ്രാസനവും കോട്ടയം ഭദ്രാസനവും സബ്ജൂണിയർ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യന്മാരായപ്പോൾ, ജൂണിയർ വിഭാഗത്തിൽ കോട്ടയം ഭദ്രാസനം മൂന്നാം സ്ഥാനം നേടിയത് മികച്ച നേട്ടമായി. - 793 സൺഡേസ്കൂൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള MJSSA യിൽ കോട്ടയം ഭദ്രാസനത്തിലെ തൂത്തൂട്ടി മോർ ഗ്രീഗോറിയൻ സൺഡേസ്കൂൾ അഖില മലങ്കര തലത്തിൽ രണ്ടാം സ്ഥാനം ( ബെസ്റ്റ് സൺഡേസ്കൂൾ ) നേടിയത് തിളക്കമാർന്ന പ്രകടനമായി. 80 ഡിസ്ട്രിക്റ്റുകളിൽ കോട്ടയം ഭദ്രാസനത്തിലെ കോട്ടയം ഡിസ്ട്രിക്റ്റ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. പാമ്പാടി ഡിസ്ട്രിക്റ്റിലെ ഉള്ളായം സെന്റ് ജോർജ്ജ് സൺഡേസ്കൂൾ വിദ്യാർത്ഥിനി ജോഹന്ന ടിജോ സബ്ജൂണിയർ വിഭാഗം കലാതിലകം

പുരസ്കാരം നേടിയത് മികവാർന്ന നേട്ടമായി. കോട്ടയം ഡിസ്ട്രിക്റ്റിലെ തൂത്തുട്ടി മോർ ഗ്രീഗോറിയൻ സൺഡേസ്കൂളിലെ എൽദോ ചെറിയാൻ കുരുവിള, ജെന എൽസ ബൈജു, അലീന മരിയ ഷിബു എന്നിവർക്ക് ആരാധനാഗീതം മലയാളം, സുറിയാനി വിഭാഗങ്ങളിൽ A ഗ്രേഡോടെ അഖില മലങ്കര തലത്തിൽ ഒന്നാം റാങ്ക് നേടിയതും അഭിമാനർഹമായ നേട്ടമാണ്.

## *അഖില മലങ്കര തലത്തിൽ സമ്മാനങ്ങൾ നേടിയ കോട്ടയം ഭദ്രാസനാംഗങ്ങൾ*

1. *Sub Juniors Elocution* _ First Prize & A Grade : Johanna Tijo,St.George Ullayam, Pampady District
2. *Juniors Group Song Malayalam* _ First Prize & A Grade : Eldho Cherian Kuruvilla, Aleena Maria Shibu, Jena Elsa Baiju - Mor Gregorian Thoothootty, Kottayam District
3. *Juniors Group Song Syriac* _ First Prize & A Grade : Eldho Cherian Kuruvilla, Aleena Maria Shibu, Jena Elsa Baiju - Mor Gregorian Thoothootty, Kottayam District
4. *Sub Juniors Single Song_* Second Prize & A Grade : Behnia Anna Ajith, Mor Gregorian Thoothootty, Kottayam District
5. *Seniors Thankavakyam* _ Third Prize & A Grade : Hannah Annie Tharian, St. Mary's Pampady East, Pampady District
6. *Seniors Bible Test_* Third Prize & B Grade : Jis Paulose, St.John's Kumarakom, Chengalam District

2024-ൽ കലോത്സവത്തിൽ നമ്മുടെ ഭദ്രാസത്തിന് മികച്ച പ്രകടനം കാഴ്ച്ചവയ്ക്കുവാൻ സഹായിച്ച ചില ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

### *a. ഭദ്രാസന തല കലോത്സവ പരിശീലന കളരി*

അഖില മലങ്കര കലോത്സവത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടിയ, കോട്ടയം ഭദ്രാസനത്തിലെ കുട്ടികൾക്കായി ഒരു പരിശീലന കളരി ഭദ്രാസന തലത്തിൽ നടത്തപ്പെട്ടു. 06.10.2024 ഞായറാഴ്ച്ച 2 pm മുതൽ വെള്ളൂർ സെന്റ് സൈമൺസ് യാക്കോബായ സുറിയാനി പള്ളിയിൽ ( പാമ്പാടി ഡിസ്ട്രിക്റ്റ് ) വച്ച് നടന്ന ട്രയിനിംങ് പ്രോഗ്രാമിന് റവ.ഫാ.യൂഹാന്നോൻ വേലിയ്ക്കകത്ത്, റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ, റവ.ഫാ.അഭിലാഷ് എബ്രഹാം വലിയവീട്ടിൽ എന്നീ വൈദീകർ നേതൃത്വം നൽകി. അഖില മലങ്കര മത്സരത്തിന് കോട്ടയം ഭദ്രാസനത്തിൽ നിന്നും പ്രസംഗം, സംഗീതം, ആരാധനാ ഗീതം, തങ്കവാക്യം, വേദവാക്യം എന്നീ മത്സരങ്ങളിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. ഭദ്രാസനതലത്തിൽ നിന്ന് തെരെഞ്ഞെടുക്കപെട്ട കുട്ടികൾക്ക് MJSSA കലോത്സവത്തിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകുന്നതിനായി 2023 മുതലാണ് പരിശീലന കളരി സംഘടിപ്പിച്ചത്.

### *b. മോഡൽ പ്രസംഗങ്ങൾ*

പ്രസംഗിക്കുവാനുള്ള കഴിവുണ്ടായിട്ടും ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിൽ ഓരോ വിഭാഗത്തിലെയും മോഡൽ പ്രസംഗങ്ങൾ ഭദ്രാസന തലത്തിൽ ക്രമീകരിച്ചു. MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി മാതൃക പ്രസംഗങ്ങൾ തയ്യാറാക്കി തന്ന റവ.ഫാ.യൂഹാന്നോൻ ( സിബി ) വേലിയ്ക്കകത്ത്, റവ.ഫാ.അഭിലാഷ് എബ്രഹാം വലിയവീട്ടിൽ, റവ.ഫാ.സോബിൻ ഏലിയാസ് വർഗീസ് അറയ്ക്കലൊഴത്തിൽ, റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ എന്നിവരോട് ഭദ്രാസന കമ്മിറ്റിക്ക് വേണ്ടിയുള്ള നന്ദി അറിയിക്കുന്നു.

**c.** നിറം ഉപയോഗിച്ചുള്ള കലോത്സവ ഗീതങ്ങളുടെ യൂട്യൂബ് ലിങ്ക് ക്രമീകരിച്ചു വിതരണം ചെയ്തു. 2024 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട സിലബസ് പ്രകാരം MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ആയതിന്റെ യൂട്യൂബ് ലിങ്ക് ക്രമീകരിച്ചു നൽകിയത്.

## 10. ഡാലിയ : കോട്ടയം ഭദ്രാസന വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പ്

പുതിയ പാഠ്യപദ്ധതികളും പരിശീലന രീതികളും ഉൾകൊള്ളിച്ച് നൂതന രീതിയിൽ വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പായ ഡാലിയ നടത്തുവാൻ സാധിച്ചു. എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കുള്ള നേതൃത്വ പരിശീലന ക്യാമ്പായ ' Diocesan Academy for Leadership, Intelligence and Abilities ' ( DALIA ) കോതനല്ലൂർ തുവാനിസ സെന്ററിൽ വച്ച് 2024 സെപ്റ്റംബർ 20,21,22 തീയതികളിലായി നടത്തപ്പെട്ടു. ക്യാമ്പിന്റെ ഉദ്ഘാടന സമ്മേളനം യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറിയും ഇടവക മെത്രാപ്പോലീത്തയുമായ നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസും സമാപന സമ്മേളനം MJSSA പ്രസിഡന്റും യാക്കോബായ സഭ അങ്കമാലി ഭദ്രാസനം മൂവാറ്റുപുഴ മേഖല മെത്രാപ്പോലീത്തയുമായ നി.വ.ദി.ശ്രീ.ഡോ.മാത്യൂസ് മോർ അന്തീമോസ് തിരുമനസും ഉദ്ഘാടനം ചെയ്തു. MJSSA കോട്ടയം ഭദ്രാസന മുൻ ഡയറക്ടർമാരായ റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ, ഇന്റർനാഷണൽ മാസ്റ്റേഴ്സ് ട്രെയിനറുമായ ശ്രീ.റോയി മാത്യു എള്ളാലയിൽ എന്നിവർ ഡാലിയയുടെ ക്ലാസുകൾക്ക് നേതൃത്വം നൽകി.

സംവാദസദസ്സ്, ക്ലാസുകൾ / Games & Activities, മെഡിറ്റേഷൻ ക്ലാസ്, ഗെയിംസ് / ആക്റ്റിവിറ്റീസ് , Memory Challenge / Evaluation, Cultural Fest, ക്യാമ്പ് ഫയറും സംഗീതനിശയും എന്നിങ്ങനെയുള്ള വിവിധ സെക്ഷനുകൾ വ്യത്യസ്തമായി. സെന്ററിലെ ചാപ്പലിൽ റവ.ഡോ.ബെണറ്റ് കുര്യാക്കോസ് വി.കുർബ്ബാന അർപ്പിച്ചു. ദിനപാഠശാലയിൽ VIII മുതൽ XII വരെ ക്ലാസുകളിൽ പഠിക്കുന്ന നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഡിസ്ട്രിക്റ്റുകളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട 85 സൺഡേസ്കൂൾ കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

## 11. വാർഷിക പരീക്ഷ

### *a. Answer Book*

വാർഷിക പരീക്ഷയ്ക്കായി ഭദ്രാസനത്തിലെ എല്ലാ സൺഡേ സ്കൂളുകളിലും ഫേസിംങ് ഷീറ്റോട് കൂടിയ 6 പേജുള്ള Answer Book പ്രിന്റ് ചെയ്ത് വിതരണം ചെയ്തു. അത് വഴി പരീക്ഷ സമ്പ്രദായത്തിൽ മാറ്റങ്ങൾ ഉണ്ടായി. 2023 ൽ നമ്മുടെ ഭദ്രാസനത്തിൽ പൊതുവായി Answer Booklet ഏർപ്പെടുത്തി ഏകീകൃത രീതിയിൽ നടത്തിയ പരീക്ഷ ഏറെ വിജയകരമായിരുണു. അതുകൊണ്ടാണ് MJSSA യുടെ പുതിയ മാനദണ്ഡപ്രകാരം തന്നെ വാർഷിക പരീക്ഷ എഴുതുന്നവർക്കായി പരിഷ്കരിച്ച ഒരു Answer Booklet നമ്മുടെ ഭദ്രാസന തലത്തിൽ പൊതുവായി നൽകിയത്.

### *b. ഭദ്രാസന തല കേന്ദ്രീകൃത വാല്യൂവേഷൻ ക്യാമ്പും ഭദ്രാസന റാങ്കും*

MJSSA കോട്ടയം ഭദ്രാസനത്തിലെ എല്ലാ ഡിസ്ട്രിക്റ്റുകളിലെയും V മുതൽ IX വരെയും XI ലെയും വാർഷിക പരീക്ഷയിൽ കൂടുതൽ മാർക്ക് നേടിയ പേപ്പറുകളുടെ ഭദ്രാസന തല മൂല്യനിർണ്ണയ ക്യാമ്പ് 2024 ഡിസംബർ 8 ഞായർ 1:30 pm മുതൽ കഞ്ഞിക്കുഴി സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്ററിൽ ( കോട്ടയം ഡിസ്ട്രിക്റ്റ് ) വച്ച് നടത്തപ്പെട്ടു. പ്രസ്തുത ക്യാമ്പിൽ ഓരോ ഡിസ്ട്രിക്റ്റിലെയും അതാത് ക്ലാസുകളിൽ ആദ്യ റാങ്കുകൾ നേടിയ പേപ്പറിനോടൊപ്പം, 75 ശതമാനത്തിലധികം മാർക്ക് നേടിയ എല്ലാ ഉത്തരപേപ്പറുകളും മൂല്യനിർണ്ണയം നടത്തി. ഭദ്രാസന തല റാങ്കുകൾ / ഗ്രേഡുകൾ 2024 ഡിസംബർ 15 ന് പാണംപടി സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് നടന്ന ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമത്തിൽ ( ബാസ്സ് ) വച്ച് പ്രഖ്യാപിച്ചു.

### c. സൺഡേസ്കൂൾ പരീക്ഷയ്ക്ക് ഗ്രേഡുകൾ പ്രഖ്യാപിച്ച് കോട്ടയം ഭദ്രാസനം

15.12.2024 ൽ പാണംപടി സെന്റ്മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് നടന്ന ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമത്തിൽ വച്ചാണ് 2024 ലെ MJSSA ക്ലാസ് V - IX & പ്ലസ് വൺ വാർഷിക പരീക്ഷയുടെ കോട്ടയം ഭദ്രാസന തല റാങ്കുകളും ഗ്രേഡുകളും

പ്രഖ്യാപിച്ചത്. ഭദ്രാസനത്തിലെ 52 കുട്ടികൾക്ക് A+ / A ഗ്രേഡുകൾ ലഭിച്ചു. 18 A+/A ഗ്രേഡുകളാണ് കോട്ടയം ഡിസ്ട്രിക്റ്റ് കരസ്ഥമാക്കിയത്. പോയിന്റ് ഇനത്തിൽ സൺഡേസ്കൂൾ തലത്തിൽ ഒന്നാമത് കോട്ടയം ഡിസ്ട്രിക്റ്റിലെ നീലിമംഗലം സെന്റ് മേരീസ് സൺഡേസ്കൂളും പള്ളം ഡിസ്ട്രിക്റ്റിലെ നാലുന്നാക്കൽ സെന്റ് ആദായീസ് സൺഡേസ്കൂളും എത്തി. കോട്ടയം ഡിസ്ട്രിക്റ്റിലെ പാണംപടി സെന്റ് മേരീസ് സൺഡേസ്കൂൾ രണ്ടാമതും, പാമ്പാടി ഡിസ്ട്രിക്റ്റിലെ വെള്ളൂർ സെന്റ് സൈമൺസ് സെൻട്രൽ സൺഡേസ്കൂൾ മൂന്നാമതും എത്തി. സ്കൂൾ തലത്തിലേത് പോലെ ഗ്രേഡുകൾ സൺഡേസ്കൂൾ തലത്തിലും പ്രഖ്യാപിക്കുന്നത് ഒരു വേറിട്ട രീതിയാണ്. വാർഷിക പരീക്ഷയും മൂല്യനിർണയവും ഭംഗിയായി നടത്തുവാൻ പരിശ്രമിച്ച ഏവരെയും അഭിനന്ദിക്കുന്നു.

**d.** വിദ്യാർത്ഥികൾക്ക് മുൻകാല ചോദ്യപേപ്പറും & ആൻസർ കീയും നൽകി പരീക്ഷയ്ക്കായി തയ്യാറെടുപ്പ് നടത്തി. 2018 മുതലുള്ള MJSSA വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറും ഉത്തരങ്ങളും ഭദ്രാസന വെബ്സൈറ്റിൽ Google Drive -ൽ upload ചെയ്തു.

## 12. കോട്ടയം ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമം

മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ കോട്ടയം ഭദ്രാസനത്തിലെ അഞ്ച് ഡിസ്ട്രിക്റ്റുകളിലായി പ്രവർത്തിക്കുന്ന 67 സൺഡേസ്കൂളുകളിലെയും അദ്ധ്യാപകരുടെ വാർഷിക സമ്മേളനവും സെമിനാറും മെറിറ്റ് അവാർഡ് വിതരണവും ചേർന്ന് ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമം 2024 ഡിസംബർ 15 ഞായറാഴ്ച്ച പാണംപടി സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ( കോട്ടയം ഡിസ്ട്രിക്റ്റ് ) വച്ച് നടത്തപ്പെട്ടു. കോട്ടയം ഭദ്രാസനത്തിലെ സൺഡേസ്കൂൾ അദ്ധ്യാപകരുടെ എക്കാലത്തെയും മികച്ച പങ്കാളിത്തവുമായി ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമത്തിൽ അഞ്ച് ഡിസ്ട്രിക്റ്റുകളിൽ നിന്നുമായി ഔദ്യോഗികമായി 370 അദ്ധ്യാപകർ രജിസ്റ്റർ ചെയ്തു. അതൊടൊപ്പം സമ്മാനർഹരായ 82 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ഉൾപ്പെടെ ഏകദേശം **475** ൽ പരം അംഗങ്ങൾ ഭദ്രാസന സൗഹൃദ സംഗമത്തിൽ പങ്കാളികളായി.

ഭദ്രാസനത്തിലെ 67 സൺഡേസ്കൂളുകളിൽ 64 സൺഡേസ്കൂളുകളിൽ നിന്നുമുള്ള അദ്ധ്യാപക പ്രാതിനിധ്യവും യോഗത്തിൽ ഉണ്ടായി. ചെങ്ങളം (7) , കോട്ടയം (15) , മണർകാട് (16) എന്നീ ഡിസ്ട്രിക്റ്റുകളിൽ നിന്നും 100 ശതമാനം പങ്കാളിത്തമുണ്ടായപ്പോൾ പാമ്പാടി (15/16), പള്ളം (11/13) എന്നീ ഡിസ്ട്രിറ്റുകളും മികച്ച പിന്തുണ നൽകി. 51 സൺഡേസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരും യോഗത്തിൽ സംബന്ധിച്ചു. Chengalam- 50 Teachers from 7 Sunday Schools , Kottayam- 96 Teachers from 15 Sunday Schools, Manarcad- 80 Teachers from 16 Sunday Schools, Pallom- 53 Teachers from 11 Sunday Schools, Pampady- 91 Teachers from 15 Sunday Schools ( **Total 370 Teachers as per Register from 64 Sunday Schools** )

പൊതുസമ്മേളനം യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറിയും ഇടവക മെത്രാപ്പോലീത്തയുമായ നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. വാർഷിക സെമിനാർ യാക്കോബായ സഭയുടെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായ നി.വ.ദി.ശ്രീ. മാത്യൂസ് മോർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. അഖിലലോക സഭാ കൗൺസിലിന്റെ ( WCC ) മോഡറേറ്ററും സെന്റ്പോൾസ് പ്രെയർ മിഷന്റെ പ്രസിഡന്റുമായ യാക്കോബായ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത നി.വ.ദി.ശ്രീ.ഡോ. ഗീവർഗീസ് മോർ കൂറീലോസ് തിരുമനസ്സുകൊണ്ട് " യാക്കോബായ സുറിയാനി സഭയുടെ വിശ്വാസവും പാരമ്പര്യങ്ങളും " എന്ന വിഷയത്തിലും ചെമ്മനത്തുകര സെന്റ് ആന്റണീസ് ചർച്ച് വികാരിയും പ്രശസ്ത മോട്ടിവേഷനൽ സ്പീക്കറുമായ റവ.ഫാ.ജിനു പള്ളിപ്പാട്ട് "കുട്ടികളെ സ്വാധീനിക്കുന്ന സൺഡേസ്കൂൾ അദ്ധ്യാപകർ " എന്ന വിഷയത്തിലും സെമിനാർ ക്ലാസുകൾ നയിച്ചു. വികാരി റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ പതാക ഉയർത്തി സൗഹൃദ സംഗമത്തിന് തുടക്കം കുറിച്ചു.

സർവ്വീസ് എക്സലൻസ് അവാർഡുകൾ നേടിയ അദ്ധ്യാപകർ, സൺഡേസ്കൂൾ വാർഷിക പരീക്ഷയിലെ V to XII വരെയുള്ള ക്ലാസുകളിലെ ഭദ്രാസന റാങ്കുകാർ, ഭദ്രാസന - അഖില മലങ്കര കലോത്സവ വിജയികൾ, സ്കൂൾതലത്തിൽ പത്ത്, പ്ലസ് ടു വാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ /A1 ഗ്രേഡുകൾ നേടിയവർ എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു.

## 13. മൂന്ന് സൺഡേസ്കൂൾക്ക് MJSSA അഫിലിയേഷൻ ലഭിച്ചു

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തയുടെ നിയന്ത്രണത്തിൽ ബാംഗ്ളൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന മിഷൻ സെന്ററിന്റെ കീഴിലുള്ള 3 സൺഡേസ്കൂൾക്ക് MJSSA യുടെ അഫിലിയേഷൻ ലഭിച്ചു. അഭിവന്ദ്യ തിരുമനസ്സിന്റെ നിർദ്ദേശത്തെ തുടർന്ന്, കോട്ടയം ഭദ്രാസന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ശ്രമഫലമായാണ് മൂന്ന് സൺഡേസ്കൂളുകൾക്ക് കൂടി മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസോസിയേഷന്റെ പ്രവർത്തനാനുമതി ലഭിച്ചത്. പ്രസ്തുത സൺഡേസ്കൂളുകൾ MJSSA ബാംഗ്ലൂർ ഘടകത്തിലാവും പ്രവർത്തിക്കുന്നത്.

1. MJSSA Affiliation Number : **805** dtd 23.12.2024 - Mor Ougen Sunday School, Anagalapura. c/o Mor Ougen Syrian Orthodox Church, Anagalapura
2. MJSSA Affiliation Number : **806** dtd 23.12.2024 - Mor Gregorious Sunday School, Hosur. c/o Mor Gregorious Syrian Orthodox Church and Mission Centre, Hosur
3. MJSSA Affiliation Number : **807** dtd 23.12.2024 - St.Thomas Sunday School, Bheemanakuppa, Kengery, Mysore Road. c/o St.Thomas Syrian Orthodox Church and Mission Centre,Mysore Road

## 14. 2024 പ്രവർത്തനവർഷത്തിൽ ഭദ്രാസനത്തിലെ സൺഡേസ്കൂളുകൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്ക് ലഭിച്ച സുപ്രധാന നേട്ടങ്ങൾ

### *a. സെന്റ്മേരീസ് മണർകാട് സെൻട്രൽ കോട്ടയം ഭദ്രാസനത്തിലെ ബെസ്റ്റ് സൺഡേസ്കൂൾ; കുമരകം സെന്റ്ജോൺസ് രണ്ടാമത്*

മണർകാട് ഡിസ്ട്രിക്റ്റിലെ മണർകാട് സെന്റ്മേരീസ് സെൻട്രൽ സൺഡേസ്കൂൾ 2023-24 കാലയളവിലെ MJSSA കോട്ടയം ഭദ്രാസനത്തിലെ 67 സൺഡേസ്കൂളുകളിൽ ബെസ്റ്റ് സൺഡേസ്കൂളിനുള്ള പെരുമ്പള്ളിൽ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ, എള്ളാലയിൽ റോയി മാത്യു എവറോളിംങ് ട്രോഫികളും പ്രശംസാപത്രവും നേടി. ചെങ്ങളം ഡിസ്ട്രിക്റ്റിലെ കുമരകം സെന്റ് ജോൺസ് സൺഡേസ്കൂൾ രണ്ടാമത് എത്തിയപ്പോൾ, കോട്ടയം ഡിസ്ട്രിക്റ്റിലെ നീലിമംഗലം സെന്റ് മേരീസ്, പള്ളം ഡിസ്ട്രിക്റ്റിലെ നാലുന്നാക്കൽ സെന്റ് ആദായീസ് സൺഡേസ്കൂളുകൾ മൂന്നാം സ്ഥാനത്തുമെത്തി. 2023-2024 കാലയളവിലെ കലോത്സവം, വാർഷിക പരീക്ഷ, അദ്ധ്യാപക മത്സരമായ മികവ്, LSS/ USS സ്കോളർഷിപ്പ് പരീക്ഷ, ചിത്രരചന മത്സരം, ഭദ്രാസന വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പായ ഡാലിയ, ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമം, JSVBS, ഡിസ്ട്രിക്റ്റ് സെമിനാറുകൾ, ആത്മദീപം മാസിക, PTA, ബാലസമാജം, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ സൺഡേസ്കൂളുകളുടെ പങ്കാളിത്തം പരിഗണിച്ചാണ് ബെസ്റ്റ് സൺഡേസ്കൂളുകളെ നിർണ്ണയിച്ചത്.

ചെങ്ങളം ഡിസ്ട്രിക്റ്റിലെ CBM തിരുവാർപ്പ്, കോട്ടയം ഡിസ്ട്രിക്റ്റിലെ തൂത്തൂട്ടി മോർ ഗ്രീഗോറിയൻ, പാമ്പാടി ഡിസ്ട്രിക്റ്റിലെ സെന്റ്ഇഗ്നാത്തിയോസ് കറ്റുവെട്ടിക്കൽ, സെന്റ് മേരീസ് അരീപ്പറമ്പ്, സെന്റ് മേരീസ് പങ്ങട എന്നീ സൺഡേസ്കൂളുകൾ പ്രോത്സഹന പുരസ്കാരത്തിനും അർഹരായി. വിജയികൾക്കുള്ള ട്രോഫികളും സർട്ടിഫിക്കറ്റുകളും പ്രശംസാപത്രവും പാണംപടി സെന്റ്മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് നടന്ന ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമത്തിൽ വച്ച് യാക്കോബായ സുറിയാനി സഭയുടെ സുന്നഹദോസ് സെക്രട്ടറിയും ഇടവക മെത്രാപ്പോലീത്തയുമായ ഡോ.തോമസ് മോർ തീമോത്തിയോസ് തിരുമനസ്സു കൊണ്ട് വിതരണം ചെയ്തു.

**b**. ***പെന്തക്കോസ്തി കാണിക്ക*** : 2023 ൽ ഏറ്റവും കൂടുതൽ പെന്തക്കോസ്തി കാണിക്ക MJSSA -യിൽ കേരളത്തിൽ നിന്നും അടച്ച ഡിസ്ട്രിക്റ്റ് / പള്ളിക്കുള്ള ട്രോഫി കോട്ടയം ഭദ്രാസനത്തിലെ മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിന് ലഭിച്ചു. മലങ്കര യാക്കോബായ സുറിയാനി സൺഡേസ്കൂൾ അസോസിയേഷന്റെ 49-ാമത് വാർഷിക പൊതുയോഗത്തിൽ മണർകാട് കത്തീഡ്രലിന് / ഡിസ്ട്രിക്റ്റിന് MJSSA പ്രസിഡന്റ് നി.വ.ദി.ശ്രീ. ഡോ. മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്ത ട്രോഫി നൽകി.

***c. ഗുരുശ്രേഷ്ഠ അവാർഡ് :*** 08.06.2024 ൽ പുത്തൻകുരിശ് MJSSA ആസ്ഥാനത്ത് വച്ച് നടത്തപ്പെട്ട മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ വാർഷിക പൊതുയോഗത്തിൽ, സൺഡേസ്കൂൾ അദ്ധ്യാപന രംഗത്ത് 50 വർഷം പൂർത്തിയാക്കിയതിന് 'ഗുരുശ്രേഷ്ഠ' അവാർഡ് നൽകി ആദരിക്കപ്പെട്ട ചെങ്ങളം ഡിസ്ട്രിക്റ്റ് സെക്രട്ടറിയും കുമരകം സെന്റ് ജോൺസ് സൺഡേസ്കൂൾ അദ്ധ്യാപകനുമായ ശ്രീ.പി.റ്റി.കുര്യൻ ചോതിരക്കുന്നേൽ , മണർകാട് ഡിസ്ട്രിക്റ്റിൽ മാലം സെന്റ് മേരീസ് സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ.റ്റി.എം. ഇട്ടിയവിര താഴത്തെതൊട്ടിയിൽ എന്നിവർക്ക് കോട്ടയം ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.

***d. സർവ്വീസ് എക്സലൻസ് അവാർഡുകൾ :*** സൺഡേസ്കൂൾ അദ്ധ്യാപന രംഗത്ത് 25 വർഷം സർവ്വീസ് പൂർത്തിയാക്കിയ ഫാ.മാത്യു.എം.ബാബു ( സെന്റ് മേരീസ് അമയന്നൂർ ), ജിജി മാത്യു ( മാർ അപ്രേം വടവാതൂർ ), മറിയാമ്മ കുര്യാക്കോസ് ( സെന്റ് മേരീസ് മാലം), സുബി.റ്റി.ഫിലിപ്പ് ( സെന്റ് മേരീസ് അരീപ്പറമ്പ് ), മറിയാമ്മ കുര്യാക്കോസ് ( സെന്റ് മേരീസ് പാമ്പാടി ഈസ്റ്റ് ) , എൽസ ചാണ്ടി ( സെന്റ് സൈമൺസ് സെൻട്രൽ വെള്ളൂർ ) എന്നീ അദ്ധ്യാപകരെ 15.12.2024 ൽ പാണംപടി സെന്റ് മേരീസ് പള്ളിയിൽ നടന്ന ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമത്തിൽ വച്ച് ആദരിച്ചു സർവ്വീസ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു.

***e. അഖില മലങ്കര റാങ്ക്***: കോട്ടയം ഭദ്രാസനം പാമ്പാടി ഡിസ്ട്രിക്റ്റിലെ പാമ്പാടി ഈസ്റ്റ് സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥിനി ഹന്ന ആനി തര്യന് എം.ജെ.എസ്.എസ്.എ വാർഷിക പരീക്ഷയിൽ അഖില മലങ്കര റാങ്ക് ലഭിച്ചു. അഖില മലങ്കര തലത്തിലെ മൂല്യനിർണ്ണയത്തിന് ശേഷം 2023 ലെ എട്ടാം ക്ലാസ് വാർഷിക പരീക്ഷയിൽ 96 മാർക്ക് നേടി മൂന്നാം റാങ്കാണ് ലഭിച്ചത്.

***f. Best Outgoing Student of Kottayam Diocese :*** മലങ്കരയിൽ തന്നെ ഒരു വിദ്യാർത്ഥിക്ക് ലഭിക്കുന്ന ഏറ്റവും കൂടിയ പ്രൈസ് മണിയുള്ള പ്രഥമ വി.ചാക്കോ ചാക്കശ്ശേരി മെമ്മോറിയൽ ക്യാഷ് അവാർഡും മെമന്റോയും കോട്ടയം ഡിസ്ട്രിക്റ്റിലെ പാണംപടി സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥിയായിരുന്ന കുര്യാക്കോസ് മാത്യു കരസ്ഥമാക്കി. കോട്ടയം ഭദ്രാസനത്തിൽ നിന്നും സൺഡേസ്കൂൾ പ്ലസ് ടു ഉന്നതനിലയിൽ വിജയിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും സൺഡേസ്കൂൾ പ്ലസ്ടുവിന് ലഭിച്ച മാർക്കിനൊടൊപ്പം, പ്രവർത്തനവർഷത്തെ സ്കൂൾ തല വാർഷിക പരീക്ഷയുടെ മാർക്ക്, മറ്റ് മേഖലകളിലെ പ്രവർത്തനം എന്നിവ കൂടി പരിഗണിച്ചാണ് 'Best Outgoing Student of Kottayam Diocese' എന്ന ഈ അവാർഡ് നൽകുന്നത്.

***g. അഖില മലങ്കര ഉപന്യാസ മത്സരം*** : എം.ജെ.എസ്.എസ്.എ യുമായി ചേർന്ന് യാക്കോബായ സുറിയാനി സഭ സുവിശേഷ മഹായോഗം നടത്തിയ അഖില മലങ്കര ഉപന്യാസ മത്സരത്തിൽ കോട്ടയം ഭദ്രാസനത്തിൽ കോട്ടയം ഡിസ്ട്രിക്റ്റിൽ നീലിമംഗലം സെന്റ് മേരീസ് സൺഡേസ്കൂളിലെ നോറാ എബ്രഹാമിന് മൂന്നാം സ്ഥാനം ലഭിച്ചു. " എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ " ആമോസ് 5:24 എന്ന വേദവാക്യം ആസ്പദമാക്കിയാണ് സൺഡേസ്കൂൾ ക്ലാസ് VII മുതൽ XII വരെയുള്ള കുട്ടികൾക്കായി ഉപന്യാസ മത്സരം സംഘടിപ്പിച്ചത്.

**h.** മുകളിൽ പേരുകൾ പരാമർശിച്ചിട്ടുള്ള ആത്മദീപം ചിത്രരചനാ മത്സരം, കലോത്സവം എന്നിവയിൽ അഖിലമലങ്കര റാങ്ക് നേടിയവരെയും അഭിനന്ദിക്കുന്നു.

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Circular / 05**

**Date : 25.01.2025**

കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ വച്ച് ( 16.01.2025 ) ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭദ്രാസന കമ്മിറ്റി 2025 പ്രവർത്തനവർഷത്തെ കർമ്മപദ്ധതികളുടെ ഒരു രൂപരേഖ തയ്യാറാക്കി. ആയത് ഏവരുടെയും അറിവിനും നടത്തിപ്പിനുമായി ചുവടെ ചേർക്കുന്നു.

## YEAR PLAN - 2025

| Sl No | ഇനം | തീയതി | വേദി / സ്ഥലം |
|---|---|---|---|
| 1 | ഒഫീഷ്യൽ സെമിനാർ<br>Office Bearers Meet – 2025 | **February 16**<br>( 03:00 pm ) | Diocese Committee, Ast. Inspectors , District Secretary , District Teachers Representative / Atmadeepam Coordinators |
| 2 | അഖില മലങ്കര അദ്ധ്യാപക ദിനം | **February 26**<br>Thursday | MJSSA Headquarters & Camp site , Puthencruz |
| 3 | JSVBS അദ്ധ്യാപക പരിശീലന ക്യാമ്പ് – Teachers Training Camp | **March 22**<br>( 9:30 am – 4:00 pm ) | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച്<br>Registration Fee: Rs 150 per Teacher |
| 4 | LSS /USS സ്കോളർഷിപ്പ് പരീക്ഷ – Preliminary Examination ( Online ) | **April 6** | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച്<br>No Registration Fee for Preliminary Exam |
| 5 | ഭദ്രാസന പൊതുയോഗം | **April 27**<br>( 03:00 pm ) | St. Joseph's JS Cathedral Kottayam |
| 6 | LSS/USS സ്കോളർഷിപ്പ് പരീക്ഷ – Main Examination ( Offline ) | **May 3**<br>Saturday | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച്<br>Registration Fee: Rs 50 per Student |
| 7 | ' മികവ് ' - ഭദ്രാസന തല അദ്ധ്യാപക മത്സരം | **May 18** | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |
| 8 | MJSSA വാർഷിക പൊതുയോഗം | **June 14**<br>Saturday | MJSSA Headquarters & Camp site , Puthencruz |
| 9 | അർദ്ധവാർഷിക പരീക്ഷ<br>( Class I – XII ) | **June 29** | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് |
| 10 | **MJSSA കലോത്സവം** | | |
| a | സൺഡേസ്കൂൾ തലം<br>( Sunday School Level ) | ഡിസ്ട്രിക്റ്റ് കമ്മിറ്റി നിശ്ചയിക്കുന്ന തീയതി | **Month - JULY** ( ഹെഡ്മാസ്റ്ററുടെയും സൂപ്പർവൈസറുടെയും ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് ) |

| | | | |
|---|---|---|---|
| b | **MJSSA കലോത്സവം**<br>ഡിസ്ട്രിക്റ്റ് തലം<br>( District Level ) | കോട്ടയം - **August 10** Sunday<br>മണർകാട് - **August 17** Sunday<br>പാമ്പാടി - **August 24** Sunday<br>പള്ളം - **August 28** Thursday<br>ചെങ്ങളം - **August 31** Sunday | ഇൻസ്പകൂറുടെ ചുമതലയിൽ ഡിസ്ട്രിക്റ്റ് കമ്മിറ്റി നിശ്ചയിക്കുന്ന അതാത് ഡിസ്ട്രിക്റ്റിലെ ഒരു വേദിയിൽ വച്ച് |
| c | ഭദ്രാസന തലം<br>( Diocese Level ) | **September 28**<br>( 1 pm) | ഡയറക്ടറുടെ ചുമതലയിൽ<br>*@ St.Mary's HSS* Manarcad |
| d | ഭദ്രാസന തല പരിശീലന കളരി | **October 5** | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |
| e | അഖില മലങ്കര തലം<br>( MJSSA Level ) | **October 11**<br>Saturday | MJSSA Headquarters & Camp site Puthencruz |
| 11 | ' ഡാലിയ ' ( DALIA ) വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പ് | **September 30, October 1, 2**<br>( Tue - Thu ) | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |
| 12 | **പരീക്ഷകൾ** | | |
| a | മോഡൽ പരീക്ഷ<br>( Class X , XI, XII ) | **November 16** | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് |
| b | വാർഷിക പരീക്ഷ<br>( Class I – IX & XI ) | **November 30**<br>( 01 pm – 03:30 pm ) | ഹെഡ്മാസ്റ്ററുടെയും സൂപ്പർവൈസറുടെയും ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് |
| c | JSSLC & Plus Two 2025 | **December 7**<br>( 01 pm – 03:30 pm ) | ഇൻസ്പക്ടർ ( ചീഫ് സൂപ്രണ്ട് ) & അസി.ചീഫ് സൂപ്രണ്ട് ചുമതലയിൽ അതാത് ഡിസ്ട്രിക്റ്റ് കമ്മിറ്റി നിശ്ചയിക്കുന്ന പൊതു പരീക്ഷ കേന്ദ്രത്തിൽ വച്ച് |
| d | ഭദ്രാസന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് | **December 14** | Centralized Valuation Camp / Class V – IX & Plus One |
| 13 | ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമം ( BASS ) | **December 21** | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |

## A. പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെമ്മോറിയൽ സ്കോളർഷിപ്പ് പരീക്ഷ

പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയുടെ പാവനസ്മരണ നിലനിർത്തുന്നതിനായി ഭദ്രാസനം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷ

❖ **Two Tier Examination ( രണ്ട് ഘട്ടം )**

ആദ്യ ഘട്ടമായ പ്രിലിമിനറി പരീക്ഷ അതാത് സൺഡേസ്കൂളുകളിൽ വച്ച് ഓൺലൈനായി **ഏപ്രിൽ 6** ന് നടത്തും. പരീക്ഷ ലിങ്ക് അദ്ധ്യാപകരുടെ മൊബൈലിൽ എത്തുന്നതും തുടർന്ന് നിശ്ചിത സമയത്തിനുള്ളിൽ google form തിരിച്ചയക്കേണ്ടതുമാണ്. യോഗ്യതയുള്ള എല്ലാ കുട്ടികൾക്കും പരീക്ഷ ഓൺലൈനായി എഴുതുവാനുള്ള സമയം ലഭിക്കുന്നതാണ്.

നിശ്ചിത കട്ട് ഓഫ് കടക്കുന്ന കുട്ടികൾക്കായി രണ്ടാം ഘട്ടമായ Main Examination ( എഴുത്തു പരീക്ഷ ) **മെയ് 3** ശനിയാഴ്ച്ച ഡയറക്ടറുടെ ചുമതലയിൽ ഒരു പരീക്ഷ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്

- സൺഡേസ്കൂൾ ക്ലാസ് മാനദണ്ഡമാക്കിയല്ല, മറിച്ച് പ്രായപരിധിയാണ് കണക്കാക്കുന്നത്. ഒരു സ്കോളർഷിപ്പ് പരീക്ഷയായതിനാൽ പ്രായപരിധിക്കുള്ളിലെ താൽപര്യമുള്ള എല്ലാ വിദ്യാർത്ഥിക്കും, നൽകിയിട്ടുള്ള പാഠഭാഗങ്ങൾ പഠിച്ച് പരീക്ഷയെഴുതാവുന്നതാണ്.

2025 ജനുവരി 1 അടിസ്ഥാനമാക്കിയാണ് വയസ്സ് നിർണ്ണയിക്കേണ്ടത്

| Category | Age Limit | Date of Birth |
|---|---|---|
| LSS | **10 വയസ്സ് വരെ**<br>( 01.01.2025 ൽ 10 വയസ്സ് പൂർത്തിയാവരുത് ) | on or after 01/01/2015 |
| USS | **10 വയസ്സ് മുതൽ 13 വയസ്സ് വരെ**<br>( 01.01.2025 ൽ 13 വയസ്സ് പൂർത്തിയാവരുത് ) | 01/01/2012 - 31/12/2014 |

- <u>പ്രിലിമിനറി പരീക്ഷ സൗജന്യമാണ്</u>. മെയിൻ പരീക്ഷയ്ക്ക് Rs 50 രജിസ്ട്രേഷൻ ഫീ ഉണ്ടായിരിക്കുന്നതാണ്.

## <u>സിലബസ്</u>

### LSS ( Lower Secondary Scholarship ) Examination

| Topic | Mark Distribution |
|---|---|
| സൺഡേസ്കൂൾ 1, 2, 3, 4 ക്ലാസുകളിലെ പാഠഭാഗങ്ങൾ | 70 % |
| പൊതു വിജ്ഞാനം ( സഭാപരം ) | 20 % |
| ആനുകാലികം | 10 % |

### USS ( Upper Secondary Scholarship ) Examination

| Topic | Mark Distribution |
|---|---|
| സൺഡേസ്കൂൾ 5, 6, 7 ക്ലാസുകളിലെ പാഠഭാഗങ്ങൾ | 60 % |
| പൊതു വിജ്ഞാനം ( സഭാപരം ) | 20 % |
| ആനുകാലികം | 20 % |

| | | |
|---|---|---|
| **Preliminary Examination** | 2025 April 6 Sunday | Objective Type<br>Online Examination |
| **Main Examination** | 2025 May 3 Saturday | Objective & One Word Type<br>Written Examination |

## B. <u>മികവ് - 2025 ( ഭദ്രാസന അദ്ധ്യാപക മത്സരം )</u>

ഈ വർഷത്തെ ഭദ്രാസന അദ്ധ്യാപക മത്സരമായ മികവ് **2025 മെയ് 18 ഞായറാഴ്ച** ഭദ്രാസന ഡയറക്ടറുടെ ചുമതലയിൽ നടത്തപ്പെടുന്നതാണ്. ഓരോ വിഭാഗത്തിലെയും <u>**ഓരോ ഇനത്തിലും** ഒരു ഡിസ്ട്രിക്റ്റിൽ നിന്നും ആൺ/ പെൺ പൊതുവായി **2 പേർക്കാണ്** ഭദ്രാസന തലത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നത്.</u> ഹെഡ്മാസ്റ്റർമാരുടെ ചുമതലയിൽ സൺഡേസ്കൂളുകളിലും , ഇൻസ്പെക്ടറുടെ ചുമതലയിൽ ഡിസ്ട്രിക്റ്റ് തലത്തിലും മത്സരങ്ങൾ നടത്തി ഭദ്രാസന മത്സരത്തിനുള്ള <u>**ഡിസ്ട്രിക്റ്റ് ലിസ്റ്റ് ഇൻസ്പെക്ടർ 2025 മെയ് 5 ന് മുമ്പായി**</u> ഭദ്രാസന ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

- 2025 ലെ MJSSA വർഷാരംഭ സ്റ്റേറ്റ്മെന്റിൽ പേരുള്ള അദ്ധ്യാപകർക്ക് മാത്രമേ സൺഡേസ്കൂൾ/ ഡിസ്ട്രിക്റ്റ് / ഭദ്രാസന മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹതയുണ്ടാവുകയുള്ളൂ.
- മത്സരങ്ങളുടെ മൂല്യനിർണ്ണയവും ( Scoring Indicators ) , ഭദ്രാസനതല ഓവറോൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നതും ( Grade + Rank Points ) 2024 MJSSA കലോത്സവത്തിലെ അതേ മാതൃകയിൽ ആയിരിക്കും.
- ആവശ്യമായി വന്നാൽ ( പരാതി ലഭിക്കുന്ന പക്ഷം ) മത്സരാർത്ഥികളുടെ വയസ് തെളിയിക്കുന്നതിനുള്ള സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതും കൃത്രിമം കണ്ടുപിടിക്കപ്പെട്ടാൽ അടുത്ത 3 വർഷത്തേക്ക് പ്രസ്തുത സൺഡേസ്കൂളിനെ എല്ലാ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും മാറ്റി നിർത്തുന്നതുമാണ് ( As per MJSSA Manual )

## ഇനങ്ങൾ

| | |
|---|---|
| 1. പ്രസംഗം ( 5 Minutes ) | 3. ആരാധനാ ഗീതം മലയാളം ( 3 Minutes ) |
| 2. സംഗീതം ( 3 Minutes ) | 4. ആരാധനാ ഗീതം സുറിയാനി ( 3 Minutes ) |

## വിഭാഗങ്ങൾ

2025 ജനുവരി 1 അടിസ്ഥാനമാക്കിയാണ് വയസ്സ് നിർണ്ണയിക്കേണ്ടത്

| Category | Age Limit | Date of Birth |
|---|---|---|
| Junior | **35 വയസ്സ് വരെ**<br>( 01.01.2025 ൽ 35 വയസ്സ് പൂർത്തിയാവരുത് ) | on or after 01/01/1990 |
| Senior | **35 വയസ്സ് മുതൽ 55 വയസ്സ് വരെ**<br>( 01.01.2025 ൽ 55 വയസ്സ് പൂർത്തിയാവരുത് ) | 01/01/1970 - 31/12/1989 |
| Super - Senior | **55 വയസ്സ് മുതൽ പ്രായമുള്ളവർ**<br>( 01.01.2025 ൽ 55 വയസ്സ് പൂർത്തിയാവർ മുതൽ ) | up to 31/12/1969 |

## പ്രസംഗ വിഷയങ്ങൾ

| | |
|---|---|
| **Juniors** | **" ഞാൻ കർത്താവിൽ ആനന്ദിക്കും " ( ഹബക്കൂക്ക് 3 : 17 )** |
| **Seniors** | **ഫലം കായ്ക്കിൻ ( വി.യോഹന്നാൻ 15 : 16 )** |
| **Super Seniors** | **" നമുക്ക് ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കാം "** |

ആരാധനാഗീതം മത്സരങ്ങൾക്ക് തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ - 2019 പുസ്തകത്തിലെ ഏതെങ്കിലും ഗീതമാണ് ഉപയോഗിക്കേണ്ടത്. ആരാധനാ ഗീത മത്സരങ്ങൾക്ക് ( മലയാളം & സുറിയാനി ) ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ ( നിറം ) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ _2019 ബുക്കിൽ അതാത് ഗാനത്തോടൊപ്പം പ്രത്യേകം ചേർത്തിട്ടുണ്ട്.

## C. സൺഡേസ്കൂൾ വാർഷിക പരിശോധനയിൽ ശ്രദ്ധയിൽ പെട്ട ചില വസ്തുതകൾ ഇതോടൊപ്പം ചേർക്കുന്നു

ഏതാനും ചില അദ്ധ്യാപകരുടെതെങ്കിലും സണ്ടേസ്കൂളിലെ ഹാജർ നിലവാരം പൊതുവെ കുറവുള്ളതായും മറ്റ് ചില അദ്ധ്യാപകരുടെ പേര് മാത്രം അറ്റൻഡൻസ് രജിസ്റ്ററിൽ എഴുതിയിരിക്കുന്നതായും കാണുന്നു. മുൻ വർഷങ്ങളിൽ ഹാജർ തീരെ കുറവുള്ള അദ്ധ്യാപകർ അവ പരിഹരിച്ച് 2025 മുതൽ സജീവമായി വരുന്നതിലെയ്ക്കായി ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടതാണ്. ആയവർ എന്നിരുന്നാലും തുടർന്നും വരാത്തപക്ഷം, ആ പേരുകൾ സർവ്വീസ് നിലനിർത്തുവാൻ വേണ്ടി മാത്രം ഉൾപ്പെടുത്തണമോ എന്ന് ഹെഡ്മാസ്റ്റർമാർ ചിന്തിക്കേണ്ടതാണ്. എന്തെന്നാൽ അദ്ധ്യാപകരുടെ ഹാജർ നിലവാരം പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിൽ നിശ്ചയമായും സ്വാധീനിക്കും. കുറഞ്ഞത് 50 ശതമാനം ഹാജർ എങ്കിലും അദ്ധ്യാപകർക്ക് ഉണ്ടായിരിക്കണമെന്ന MJSSA നിർദ്ദേശവും അറിവുള്ളതാണല്ലോ. കോവിഡ് കാലത്ത് ഓൺലൈനായി സൺഡേസ്കൂൾ ക്ലാസുകൾ നടന്നിരുന്നെങ്കിലും, നിലവിൽ അപ്രകാരം ഓൺലൈൻ ക്ലാസുകൾ നടത്തേണ്ടതില്ല എന്ന കമ്മിറ്റി തീരുമാനവും ഇതൊടൊപ്പം അറിയിക്കുന്നു. വർഷാരംഭ സ്റ്റേറ്റ്മെന്റ് നൽകിയ ശേഷം ഹെഡ്മാസ്റ്റർ മാറിയെങ്കിൽ നിശ്ചയമായും ആ വിവരം ഉത്തരവാദിത്വപ്പെട്ടവർ മേൽഘടകങ്ങളിൽ അറിയിക്കേണ്ടതാണ്.

സാധിക്കുന്ന പക്ഷം സൺഡേസ്കൂളുകളിൽ ജനറൽ ക്ലാസുകൾ മാസത്തിലൊരിക്കൽ എങ്കിലും ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. 2025 ലെ കലോത്സവത്തിൽ മികച്ച പ്രകടനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ സൺഡേസ്കൂൾ തലത്തിൽ എത്രയും വേഗം ആരംഭിക്കണം. കലോത്സവത്തിനായി കുട്ടികളെ പ്രായമനുസരിച്ച് തിരിച്ച് ബാലസമാജങ്ങൾ എല്ലാ മാസവും നടത്തുവാൻ ശ്രദ്ധിക്കണം. 2025 ൽ JSVBS എല്ലാ പള്ളികളും കേന്ദ്രീകരിച്ച് നടത്തുവാനും മാർച്ച് 22 ൽ നടത്തപ്പെടുന്ന ഭദ്രാസന പരിശീലന ക്യാമ്പിൽ അതാത് സെന്ററിൽ നിന്നുമുള്ള പങ്കാളിത്തവും ഉണ്ടാവണം. അദ്ധ്യാപക മത്സരമായ മികവിലും എല്ലാ അദ്ധ്യാപകരുടെയും / സൺഡേസ്കൂളുകളുടെയും സജീവ പങ്കാളിത്തവും ഉറപ്പുവരുത്തണം.

2024 മുതൽ വിതരണം ചെയ്യുന്നതിനായി വി.ചാക്കോ ചാക്കശ്ശേരി മെമ്മോറിയൽ ക്യാഷ് അവാർഡ് ഏർപ്പെടുത്തിയ കുടുംബാംഗങ്ങൾ, LSS/ USS സ്കോളർഷിപ്പ് നൽകുന്നതിനായി വേണ്ട എൻഡോവ്മെന്റ് നൽകിയ എബ്രഹാം.കെ.സി. കാവുങ്കൽ ( ശോശാമ്മ.സി.തോമസ് മെമ്മോറിയൽ ), ഭദ്രാസനത്തിലെ ബെസ്റ്റ് സൺഡേസ്കൂളിനായി എവറോളിംഗ് ട്രോഫി നൽകിയ മുൻ ഭദ്രാസന ഡയറക്ടർ റോയി മാത്യു എള്ളാലയിൽ, കലോത്സവത്തിൽ വിതരണം ചെയ്യുന്നതിനായി മൂന്ന് ഏവറോളിംഗ് ട്രോഫികൾ സ്പോൺസർ ചെയ്ത കുമരകം സെന്റ് ജോൺസ് യാക്കോബായ സുറിയാനി പള്ളി, അദ്ധ്യാപക മത്സരമായ മികവിൽ വിതരണം ചെയ്യുന്നതിനായി എം.വി.ഏബ്രഹാം മേട്ടിൻപുറത്ത് മെമ്മോറിയൽ ഏവറോളിംഗ് ട്രോഫി സ്പോൺസർ ചെയ്ത ഷിനു ചെറിയാൻ, സി.ജെ.ജോർജ്ജ് തോണ്ടുകണ്ടം മെമ്മോറിയൽ ഏവറോളിംഗ് ട്രോഫി സ്പോൺസർ ചെയ്ത ബിനോ & ബിനോദ് തോണ്ടുകണ്ടം, 2024 ൽ നമ്മുടെ ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങൾ മനോഹരമാക്കുന്നതിനായി സംഭാവനകൾ തന്ന ഷിനു ജീസസ് ഏബ്രഹാം ചിറപുറത്ത്, റോയി മാത്യു എള്ളാലയിൽ, ജോജൻ.പി.ഏലിയാസ് പഴയിടത്ത്, ഡോണാ പ്രസ്, മിഷൻ സെന്റർ അനഗലപുര, ജോർജ്ജ് കുരുവിള പാക്കിൽ, സെന്റ് ഇഗ്നാത്തിയോസ് എരുമേലി, ഷാജി ഫിലിപ്പ് ചിരട്ടപ്പറമ്പിൽ, വിജോ വർഗീസ് ചെമ്പോല, ബൈജു ഏബ്രഹാം വെള്ളാപ്പള്ളിൽ, സാജൻ കുര്യാക്കോസ് എടാട്ട് എന്നിവരെയും പരസ്യങ്ങൾ തന്ന സ്ഥാപനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

ഭദ്രാസനത്തിലെ അഞ്ച് ഡിസ്ട്രിക്റ്റുകളിലായി പ്രവർത്തിക്കുന്ന **67 സൺഡേസ്കൂളുകളിലും** വാർഷികം, ഇൻസ്പക്ഷൻ, പരീക്ഷ, ക്യാമ്പുകൾ എന്നിങ്ങനെ വിവിധ ഇനത്തിൽ കഴിഞ്ഞ കാലങ്ങളിൽ സന്ദർശിക്കുവാൻ സാധിച്ചത് ഏറെ സന്തോഷം നൽകുന്നു.

KOTTAYAM
25.01.2025



**DIRECTOR** , MJSSA KOTTAYAM DIOCESE

| Sl. No | ഡിസ്ട്രിക്റ്റ് | സന്ദർശിച്ച സൺഡേ സ്കൂളുകൾ | സന്ദർശിച്ച തവണ ( No: of Times ) |
|---|---|---|---|
| 1 | ചെങ്ങളം | 7 | 19 |
| 2 | കോട്ടയം | 15 | 43 |
| 3 | മണർകാട് | 16 | 47 |
| 4 | പള്ളം | 13 | 23 |
| 5 | പാമ്പാടി | 16 | 32 |
| * | **ആകെ** | **67** | **164** |

കഴിഞ്ഞ കാലയളവിലെ വിജയങ്ങൾ മുറുകെ പിടിച്ചുകൊണ്ടും, അതൊടൊപ്പം പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടും , ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ ദൈവമക്കളായി പരിപാലിക്കേണ്ട മഹത്തായ പ്രവർത്തി ശ്രദ്ധയോടെ നമ്മുക്ക് നിറവേറ്റാം. ഭദ്രാസനത്തിലെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തു തരുന്ന അഭി.തോമസ് മോർ തീമോത്തിയോസ് തിരുമേനിയോടും സൺഡേ സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കി തന്ന് സഹായിക്കുന്ന ബഹു.പള്ളികളോടും , ഈ പ്രസ്ഥാനത്തിന് എല്ലാവിധ പിന്തുണയും നൽകി വരുന്ന ബഹു. വൈദീകരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

മേൽ പറഞ്ഞ പദ്ധതികൾക്ക് എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്

ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി

**ഭദ്രാസന സെക്രട്ടറി**
**ശ്രീ.കെ.ജെ.ജോമോനൊടൊപ്പം**

സ്നേഹപൂർവ്വം

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

അവിനേഷ് തണ്ടാശ്ശേരിൽ
**ഭദ്രാസന ഡയറക്ടർ**
**9061200790**

**Social Media Platforms of MJSSA Kottayam Diocese**

| | |
|---|---|
| ***Website*** | **http://www.mjssakottayamdiocese.com** |
| ***YouTube Channel*** | https://www.youtube.com/@MJSSAKOTTAYAMDIOCESE |
| ***Facebook*** | https://www.facebook.com/M.J.S.S.A.KottayamDiocese |
| ***e-mail*** | mjssakottayamdiocese@gmail.com |